## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 300 — 09.03.2015-ൽ മറുപടിയ്ക്ക്

### കായികതാരങ്ങൾക്ക് ജോലി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.വി.രാജേഷ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ ഗെയിംസിൽ മെഡൽ നേടിയ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് എന്തൊക്കെ പാരിതോഷികങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; മെഡൽ നേടിയ കായികതാരങ്ങൾക്ക് ജോലി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | 35-ാമത് ദേശീയ ഗെയിംസിൽ സംസ്ഥാനത്തെ പ്രതിനിധികരിച്ച് സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയ കായിക താരങ്ങൾക്ക് യഥാക്രമം 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ വീതം പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് വ്യക്തിഗത ഇനങ്ങളിൽ മെഡലുകൾ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ ജോലി നൽകുന്നതാണ്. കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവരിൽ ജോലിയില്ലാത്തവർക്ക് പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ ജോലി ഉള്ള താരങ്ങൾക്ക് ഉയർന്ന ഗ്രേഡോ അഡ്വാൻസ് ഇൻക്രിമെന്റോ നൽകുന്നതാണ്. |
| (ബി) | ഓരോ വർഷവും എത്ര കായികതാരങ്ങൾക്കാണ് സർക്കാർ ജോലി നൽകുന്നത്; 2010 മുതലുള്ള നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു പ്രകാരം എത്ര കായിക താരങ്ങൾക്ക് ജോലി നല്കിയിട്ടുണ്ട്; എത്ര പേർക്ക് ജോലി നല്കാനുണ്ട്; വിശദാംശം നല്കുമോ; | (ബി) & (സി) | സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2009 കലണ്ടർ വർഷം മുതൽ പ്രതിവർഷം 50 കായിക താരങ്ങൾക്കാണ് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നത്. ഈ പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള 5 വർഷങ്ങളിലെ 250 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ തുടർന്നുവരുന്നു. |
| (സി) | കായിക താരങ്ങൾക്ക് നിയമനം നല്കുന്നത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ